# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1119 30.11.2018-ൽ മറുപടിയ്ക്ക്

**ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ഔട്ട്‌ലെറ്റുകളുടെ അടച്ചുപൂട്ടൽ**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
|---|---|
| (എ) ബീവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ചില്ലറ വില്പന ഔട്ട്‌ലെറ്റുകൾ വർഷംതോറും അടച്ചുപൂട്ടുമെന്ന മുൻ സർക്കാരിന്റെ തീരുമാനം നടപ്പാക്കേണ്ടതില്ലെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. വിദേശമദ്യ ചില്ലറ വിൽപ്പന ഔട്ട് ലെറ്റുകൾ നിറുത്തലാക്കിയ സ്ഥലങ്ങളിൽ മദ്യലഭ്യത കുറഞ്ഞത് മൂലം അനധികൃതമദ്യം, മയക്കമരുന്ന്/കഞ്ചാവ്/മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത്, വിൽപ്പന, ഉപഭോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ഷോപ്പുകൾ വീണ്ടും നിറുത്തലാക്കുന്നത് നിലവിലെ സാഹചര്യം കൂടുതൽ വഷളാക്കും. മാത്രവുമല്ല, മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ മദ്യനയത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് വർഷംതോറും പത്ത് ശതമാനം ചില്ലറവിൽപ്പന ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടണം എന്ന തീരുമാനം പിൻവലിച്ചത്. |
| (ബി) മദ്യശാലകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്യുന്ന പഞ്ചായത്ത് രാജ്/നഗര പാലിക നിയമത്തിലെ 232, 437 വകുപ്പുകൾ ഈ സർക്കാർ നിയമഭേദഗതിയിലൂടെ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) മാറ്റം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഒരേതരത്തിലുള്ള അബ്കാരി നയം നടപ്പാക്കുന്നതിനും വിവിധ അപേക്ഷകർ തമ്മിലും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ളതുമായ വിവേചനം അവസാനിപ്പിക്കുന്നതിനുമാണ് കേരള മുൻസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും ഭേദഗതി ചെയ്തത്. |

Santhosh

സെക്ഷൻ ഓഫീസർ